**ഭരണഭാഷ-മാതൃഭാഷ**

# ചെയർപേഴ്സൺ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പത്തനംതിട്ട & ജില്ലാ കളക്ടറുടെ നടപടിക്രമം

## (ഹാജർ : ഡോ. ദിവ്യ എസ്.അയ്യർ, ഐ. എ. എസ്)

ഉത്തരവ് നമ്പർ : ഡി.സി.പി.റ്റി.എ/1455/2021/ഡി.എം.1 തീയതി : 01/08/2022

വിഷയം : ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, പത്തനംതിട്ട - പ്രകൃതിക്ഷോഭം - ഓറഞ്ച് ബുക്ക് 2021ൽ വൾനറബിൾ ഗ്രൂപ്പ് എന്നടയാളപ്പെടുത്തിയിരിക്കുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവരേയും, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ , സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സമിതി എന്നിവർ ഉരുൾപൊട്ടൽ , മണ്ണിടിച്ചിൽ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയ സ്ഥലങ്ങളിലും താമസിക്കുന്നവരേയും മാറ്റി താമസിപ്പിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : (1) കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 01/08/2022 ലെ അതിതീവ്ര മഴ മുന്നറിയിപ്പ്.
(2) ഓറഞ്ച് ബുക്ക് 2021 ലെ മാർഗ്ഗനിർദ്ദേശം.

പരാമർശം (1) പ്രകാരമുള്ള മുന്നറിയിപ്പ് പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പത്തനംതിട്ട ജില്ലയിൽ 2022 ആഗസ്റ്റ് 1 മുതൽ 3 വരെ അതിതീവ്ര മഴയ്ക്കുള്ള സാദ്ധ്യതാ മുന്നറിയിപ്പും (റെഡ് അലർട്ട്), ആഗസ്റ്റ് 4-ാം തീയതി അതിശക്തമായ മഴയ്ക്കുള്ള സാദ്ധ്യതാ മുന്നറിയിപ്പും (ഓറഞ്ച് അലർട്ട്) പുറപ്പെടുവിച്ചിട്ടുള്ളതാണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അതിശക്തമായ മഴയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ എല്ലാ താലൂക്കുകളും പ്രളയ സാധ്യതയുള്ളതുമാണ് . ജില്ലയിലെ പ്രധാന അണക്കെട്ടുകളായ മണിയാർ, മൂഴിയാർ അണക്കെട്ടുകൾ ജലക്രമീകരണത്തിന്റെ ഭാഗമായി തുറന്നുവിട്ടിട്ടുള്ളതും, നദീതീരങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിതമായി മാറ്റി പാർപ്പിക്കുന്ന നടപടികൾ തുടർന്നുവരുന്നതുമാണ്.

ഓറഞ്ച് ബുക്ക് 2021ൽ വൾനറബിൾ ഗ്രൂപ്പ് എന്നടയാളപ്പെടുത്തിയിരിക്കുന്ന വിഭാഗങ്ങൾക്കായി ക്യാമ്പുകൾ തയ്യാറാക്കി ആവശ്യമായ ഘട്ടങ്ങളിൽ ആളുകളെ മുൻകൂട്ടിതന്നെ മാറ്റി താമസിപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ , സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വിദഗ്ധ സമിതി എന്നിവർ ഉരുൾപൊട്ടൽ , മണ്ണിടിച്ചിൽ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങളിൽ അടിയന്തിര ക്യാമ്പുകൾ സജ്ജമാക്കി ജനങ്ങൾക്ക് അനൗൺസ്മെന്റ് വഴി വിവരം നൽകുകയും ജനങ്ങളെ മുൻകരുതലിന്റെ ഭാഗമായി മാറ്റി താമസിപ്പിക്കുകയും ചെയ്യേണ്ടതാണെന്നും അപകട സാഹചര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് പൊതുജനങ്ങളെ മാറി താമസിക്കാൻ നിർബന്ധിതമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ വിശമായി പരിശോധിച്ചു. മേൽ പരാമർശിത വിഭാഗങ്ങളിൽപ്പെട്ട ചുവടെ ചേർക്കുന്ന സ്ഥലങ്ങളിൽ പാർക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുവാൻ മുന്നമേ സജ്ജീകരിച്ചിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്നതിന് ദുരന്ത നിവാരണ നിയമം 2005, 34 a, b & c വകുപ്പ് പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

| Sl. No | Taluk | Village | Name of Slide | Latitude | Longitude |
|---|---|---|---|---|---|
| 1 | Konni | Seethathodu | Moonnukallu | 9.32738888888889 | 76.9587111111111 |
| 2 | Konni | Seethathodu | 86 block | 9.32897222222222 | 76.9545777777778 |
| 3 | Konni | Seethathodu | Thekkummood | 9.3215166666667 | 76.9611388888889 |

| | | | | | |
|---|---|---|---|---|---|
| 4 | Konni | Seethathodu | Kochukoikkal | 9.33549444444444 | 76.9955972222222 |
| 5 | Konni | Seethathodu | 22nd Block | 9.33549444444444 | 76.9955972222222 |
| 6 | Konni | Seethathodu | 4th block | 9.3212 | 77.0037722222222 |
| 7 | Konni | Seethathodu | Mundanpara 1 | 9.30035 | 76.9973055555556 |
| 8 | Konni | Seethathodu | Mundanpara 2 | 9.30342777777778 | 76.9909833333333 |
| 9 | Konni | Seethathodu | Mundanpara 1 | 9.301225 | 76.99395 |
| 10 | Konni | Seethathodu | Mundanpara 3 | 9.30433333333333 | 76.990425 |
| 11 | Konni | Seethathodu | Mundanpara 2 | 9.30460277777778 | 76.9883916666667 |
| 12 | Konni | Seethathodu | Mundanpara 4 | 9.30516944444445 | 76.9872444444444 |
| 13 | Konni | Seethathodu | Mundanpara 5 | 9.31096111111111 | 76.9796194444445 |
| 14 | Konni | Aruvappulam | Muttaakkuzhi | 9.17056944444444 | 76.8750916666667 |
| 15 | Konni | Chittar | Valiyakulangara valley 1 | 9.30173055555556 | 76.9805027777778 |
| 16 | Konni | Chittar | Valiyakulangara valley 2 | 9.30220833333333 | 76.9792416666667 |
| 17 | Konni | Chittar | Valiyakulangara valley 3 | 9.30286111111111 | 76.9778333333333 |
| 18 | Konni | Chittar | Meenkuzhithadam | 9.31921388888889 | 76.9520222222222 |
| 19 | Konni | Chittar | Meenkuzhithadam | 9.31625 | 76.9498805555556 |
| 20 | Konni | Chittar | Transformer Padi | 9.31381944444444 | 76.9560944444445 |
| 21 | Konni | Tannithod | Melepoochakkulam 1 | 9.27241666666667 | 76.9692583333333 |
| 22 | Konni | Tannithod | Melepoochakkulam 2 | 9.26930833333334 | 76.96805 |
| 23 | Konni | Tannithod | Melepoochakkulam | 9.26894166666667 | 76.9680722222222 |
| 24 | Ranni | Perunadu | Bimmaram colony 1 | 9.34365 | 76.9404055555556 |
| 25 | Ranni | Perunadu | Bimmaram colony 2 | 9.34359444444445 | 76.9354444444444 |
| 26 | Ranni | Perunadu | Bimmaram colony 3 | 9.34359166666667 | 76.9354527777778 |
| 27 | Ranni | Perunadu | Harrison | 9.347475 | 76.9185083333333 |

| | | | | | |
|---|---|---|---|---|---|
| | | | plantation | | |
| 28 | Ranni | Kollamula | Kollamula 1 | 9.43726388888889 | 76.8689055555555 |
| 29 | Ranni | Kollamula | Kollamula 2 | 9.41183611111111 | 76.973325 |
| 30 | Ranni | Kollamula | Kollamula 3 | 9.41843055555555 | 76.9657416666667 |
| 31 | Kozhencherry | Naranganam | Punnasseri colony | 9.31696388888889 | 76.7432888888889 |
| 32 | Adoor | Erath | Kannimala | 9.105296 | 76.737319 |
| 33 | Adoor | Enadiamangalam | Anchumala(Ayiramthonnimala) | 9.106238 | 76.831692 |
| 34 | Adoor | Enadiamangalam | Kurumbukara Quarry-1 | 9.110169 | 76.822626 |
| 35 | Adoor | Enadiamangalam | Kurumbukara Quarry-2 | 9.111228 | 76.822791 |
| 36 | Adoor | Erath | Pulimala | 9.113509 | 76.75826 |
| 37 | Adoor | Erath | Kilivayal | 9.119399 | 76.750878 |
| 38 | Adoor | Enadiamangalam | Theppupara | 9.152762 | 76.802097 |
| 39 | Adoor | Koorambala | Athiramala | 9.183333 | 76.703472 |
| 40 | Konni | Konni | Ponthanamkuzhi | 9.229518 | 76.84218 |
| 41 | Konni | Aruvappulam | Kalleli - Kokkathodu | 9.180087 | 76.950119 |
| 42 | Ranni | Kollamula | Ayyanmala | 9.406113 | 76.97587 |
| 43 | Ranni | Perunadu | Attathodu | 9.405575 | 77.020383 |
| 44 | Kozhencherry | Pathanamthitta | Kaleekkapadi | 9.2796910 | 76.8209580 |

ഇത് കൂടാതെ പ്രാദേശികമായി വൾനറബിൾ ഗ്രൂപ്പ് എന്ന് വിലയിരുത്തുന്ന പ്രദേശങ്ങളിൽ പാർക്കുന്നവരെയും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ജില്ലാ പോലീസ് മേധാവി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റാന്നി /കോന്നി, റവന്യൂ ഡിവിഷണൽ ആഫീസർ അടൂർ /തിരുവല്ല, ജില്ലാ ഫയർ ഓഫീസർ , ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ , ജില്ലാ മൃഗസംരക്ഷണ ഓഫീസർ, തഹസീൽദാർമാർ, പ്രാദേശിക സർക്കാരുകൾ എന്നിവരെ ചുമതലപ്പെടുത്തിയും ഇതിനാൽ ഉത്തരവാകുന്നു. ഈ ഒഴിപ്പിക്കൽ പൂർത്തീകരിക്കുന്നതിന് വ്യാപകമായ പ്രചാരണം നൽകുകയും മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ചെയ്യുന്നതിനും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

ചെയർപേഴ്സൺ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി &
ജില്ലാ കളക്ടർ, പത്തനംതിട്ട.

പകർപ്പ്

1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങൾ
2. ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട
3. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, പത്തനംതിട്ട
4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റാന്നി/കോന്നി
5. റവന്യു ഡിവിഷണൽ ഓഫീസർ, അടൂർ/തിരുവല്ല
6. ഡെപ്യൂട്ടി കളക്ടർ & ചാർജ്ജ് ഓഫീസർ (കോഴഞ്ചേരി/കോന്നി/റാന്നി/മല്ലപ്പള്ളി)
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
8. ജില്ലാ ഫയർ ഓഫീസർ, പത്തനംതിട്ട
9. ജില്ലാ ജിയോളജിസ്റ്റ്, അടൂർ
10. ജില്ലാ മണ്ണസംരക്ഷണ ഓഫീസർ, പത്തനംതിട്ട
11. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പത്തനംതിട്ട
12. ജില്ലാ മൃഗസംരക്ഷണ ഓഫീസർ, പത്തനംതിട്ട
13. എല്ലാ തഹസിൽദാർമാർക്കും
14. എല്ലാ മുൻസിപ്പൽ സെക്രട്ടറിമാർക്കും
15. എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
16. ജില്ലാ കളക്ടറുടെ സി.എ/എ.ഡി.എം ന്റെ സി. എ.
17. കരുതൽ ഫയൽ.